**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2643** **18.06.2018- ൽ മറുപടിക്ക്**

**പാവങ്ങാട് -ഉള്ളിയേരി-കുറ്റ്യാടി-ചൊവ്വ റോഡ് നവീകരണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പുരുഷൻ കടലുണ്ടി** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| പാവങ്ങാട്-ഉള്ളിയേരി-കുറ്റ്യാടി-ചൊവ്വ റോഡ് വീതി കൂട്ടി നവീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ? | നവീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2016-17-ലെ കിഫ്ബി പ്രവൃത്തിയായി ഉൾപ്പെടുത്തി 01.11.2016-ലെ സ.ഉ.(സാധാ)നം.1502/2016/പൊ.മ.വ പ്രകാരം പുറക്കാട്ടിരി - അണ്ടിക്കോട് - ഉള്ള്യേരി റോഡിന്(ക്രമനം.58) 15 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. 2017-18-ലെ കിഫ്ബി പ്രവൃത്തിയായി ഉൾപ്പെടുത്തി 10.07.2017-ലെ സ.ഉ.(സാധാ)നം.942/2017/പൊ.മ.വ പ്രകാരം PUK Road-ന്(ക്രമ നം.26) 50 കോടി രൂപയ്ക്കും, PUKC Road - Ullyeri Road-ന്(ക്രമ നം.27) 20 കോടി രൂപയ്ക്കും തത്വത്തിൽ അനുമതി നൽകിയിരുന്നു. 2017-18-ലെ കിഫ്ബിയിൽ ഉൾപ്പെട്ട ഈ രണ്ട് പ്രവൃത്തികളും(ക്രമ നം.26, 27) ഒരേ റോഡിന്റെ ഒരേ ഭാഗമാണ്. ആയതിനാൽ PUKC Road – Ullyeri Road(ക്രമ നം.27) എന്ന പ്രവൃത്തിയുടെ ആവശ്യമില്ല. എന്നാൽ 2016-17-ലെ കിഫ്ബിയിൽ ഉൾപ്പെട്ട പ്രവൃത്തിയും(ക്രമ നം.58) 2017-18-ൽ കിഫ്ബിയിൽ ഉൾപ്പെട്ട പ്രവൃത്തിയും(ക്രമ നം.26, 27) ഒരേ റോഡിലെ വിവിധ ഭാഗങ്ങളാണ്. 2016-17-ലെ കിഫ്ബിയിൽ ഉൾപ്പെട്ട പ്രവൃത്തിയുടെ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പ്രോജക്റ്റ് പ്രിപ്പറേഷൻ യൂണിറ്റിന് നൽകുകയും ആയതിൻപ്രകാരം 20M വീതിയിൽ റോഡ് നിർമ്മിക്കുന്നതിനായി കരട് അലൈൻമെന്റ് പരിശോധനയ്ക്കായി 11.04.2018-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് നിരത്ത് വിഭാഗം കോഴിക്കോടിന് നൽകുകയും ചെയ്തു. 28.05.2018-ലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് നിരത്ത് ഉപവിഭാഗം കത്ത് |

പ്രകാരം 15M വീതിയിൽ അലൈൻമെന്റ് പുതുക്കി നൽകണമെന്ന് ആവശ്യപ്പെട്ടുകയും പ്രസ്തുത പുതുക്കിയ അലൈൻമെന്റ് പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ് തയ്യാറാക്കി വരികയുമാണ്. പുതുക്കിയ അലൈൻമെന്റ് പ്രകാരം പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ് ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിലേക്ക് സാമ്പത്തികാനുമതിക്ക് സമർപ്പിക്കുന്നതാണ്. 2017-18-ലെ കിഫ്ബി പ്രവൃത്തിയായി ഉൾപ്പെടുത്തിയ PUK Road(ക്രമ നം.26) ഉള്ള്യേരി മുതൽ കുറ്റ്യാടി വരെയുള്ള പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ